പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.1348

30/01/2018-ൽ മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. ജോസഫ്<br>" അൻവർ സാദത്ത്<br>" ഐ. സി. ബാലകൃഷ്ണൻ<br>" റോജി എം. ജോൺ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഇടപെടൽ കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ എന്തെന്ന് വിശദമാക്കുമോ; | (എ) ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച ആദ്യ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഉന്നത വിദ്യാഭ്യാസ നയരൂപീകരണം സംബന്ധിച്ച് സർക്കാരിനും സർവ്വകലാശാലകൾക്കും ഉപദേശം നൽകുക, ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് പഠിച്ച്, ചർച്ച ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കുക, ഉന്നത വിദ്യാഭ്യാസ രംഗത്ത് ചില പൊതുവായ സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ, പ്രാപ്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ ഉള്ള പ്രവർത്തനങ്ങളാണ് കൗൺസിൽ നടത്തി വരുന്നത്. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഡോ. രാജൻ ഗുരുക്കൾ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടു വരുവാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് സമഗ്രമായ പുനരവലോകനം ചെയ്ത് ഭേദഗതികൾ നിർദ്ദേശിക്കുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസിലർ ഡോ. രാജൻ ഗുരുക്കളെ ഏകാംഗ കമ്മീഷനായി നിയോഗിച്ചിരുന്നു. റൂസ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ടിന് ഭേദഗതികൾ നിർദ്ദേശിക്കുന്നതും കമ്മീഷന്റെ ചുമതല ആയിരുന്നു.<br>2007-ൽ പ്രവർത്തനം ആരംഭിച്ച കൗൺസിലിന്റെ പ്രവർത്തനങ്ങൾ കമ്മീഷൻ സമഗ്രമായി അവലോകനം ചെയ്യുകയും കൗൺസിൽ ആക്ടിൽ വരുത്തേണ്ട |

ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. 2007 ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് തികഞ്ഞ ജനാധിപത്യ സ്വഭാവമുള്ള മാതൃകാ നിയമമായതിനാൽ അതിൽ കാതലായ മാറ്റങ്ങൾ ആവശ്യമില്ല എന്നായിരുന്നു കമ്മീഷന്റെ കണ്ടെത്തൽ. എന്നാൽ റൂസ പദ്ധതിയുടെ നടത്തിപ്പ് ഏറ്റെടുക്കാൻ ആവശ്യമായ ഏതാനും ഭേദഗതികൾ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. കൗൺസിൽ ഗവേണിംഗ് ബോഡിയിൽ എം. എച്ച്. ആർ. ഡി. പ്രതിനിധിയെയും റൂസ സ്റ്റേറ്റ് പ്രോജക്ട് കോ-ഓർഡിനേറ്ററേയും ഉൾപ്പെടുത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിൽ എക്സിക്യൂട്ടീവ് ബോഡി അംഗങ്ങളെ സർവ്വകലാശാലകളുടെ സിൻഡിക്കേറ്റിലേക്ക് നാമനിർദ്ദേശം ചെയ്യുന്ന പതിവ് നിർത്തലാക്കണമെന്നും പകരം അവരെ അക്കാദമിക് കൗൺസിലുകളിലേക്ക് നാമനിർദ്ദേശം ചെയ്യണമെന്നും ഗുരുക്കൾ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ടി ശിപാർശകളുടെ അടിസ്ഥാനത്തിൽ ഓർഡിനൻസ് പുറപ്പെടുവിക്കുകയും പുതിയ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ലോകമെമ്പാടും സംഭവിക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ മാറ്റുന്നതിന് ഉതകുന്ന വിധത്തിൽ പ്രസ്തുത കൗൺസിലിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുമോ?

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഇടപെടൽ മുഖേന കൈവരിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

1. സംസ്ഥാനത്ത് ബിരുദ തലത്തിൽ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം (CBCSS) നടപ്പിലാക്കാനാവശ്യമായ പഠനം നടത്തി ശിപാർശകൾ സമർപ്പിച്ചതും അതിനാവശ്യമായ പരിശീലനം നൽകിയതും ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്.

2. ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട നയപരമായ വിഷയങ്ങളിൽ സർക്കാരിനും സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉപദേശം നൽകി വരുന്നു.

3. ഉന്നത വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് വിദഗ്ധ സമിതികളെ നിയോഗിച്ച് റിപ്പോർട്ട് തയ്യാറാക്കി, കൗൺസിൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ നയം, സർവ്വകലാശാല പരിഷ്കരണം, ഡോക്യുമെന്ററി ഹിസ്റ്ററി ഓഫ് ഹയർ എഡ്യൂക്കേഷൻ, ക്ലസ്റ്റർ കോളേജ് സ്കീം, എക്സാമിനേഷൻ റിഫോംസ്, കേരള സ്റ്റേറ്റ് അസ്സെസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ, ഓട്ടോണമസ്സ് കോളേജസ് ഇൻ കേരള, ജൻഡർ ജസ്റ്റിസ് ഇൻ കാമ്പസസ് തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

4. ക്ലസ്റ്റർ കോളേജ് പദ്ധതി: ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് കോളേജ് ക്ലസ്റ്ററുകൾ രൂപീകരിച്ചു. പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പുതിയ ക്ലസ്റ്ററുകൾ രൂപീകരിക്കുവാൻ പദ്ധതിയുണ്ട്. ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്ക് ആശയപരമായ മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായവും നൽകുന്നത് കൗൺസിൽ ആണ്.

5. എറുഡൈറ്റ് പദ്ധതി: സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നോബൽ സമ്മാന ജേതാക്കൾ അടക്കമുള്ള ലോക പ്രശസ്തരായ പണ്ഡിതരുമായി സംവദിക്കുവാനും ഇടപഴകാനും അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് എറുഡൈറ്റ് പദ്ധതി. മുന്നൂറിൽപ്പരം എറുഡൈറ്റ് പ്രോഗ്രാമുകൾ ഇതിനകം നടത്തിയിട്ടുണ്ട്.

6. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി: സമർത്ഥരായ വിദ്യാർത്ഥികളെ അടിസ്ഥാന ശാസ്ത്ര വിഷയങ്ങളിലേക്കും മാനവിക വിഷയങ്ങളിലേക്കും ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ 2009-10 അക്കാദമിക വർഷം മുതൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എല്ലാ അദ്ധ്യയന വർഷവും മൂവായിരത്തോളം ബിരുദ വിദ്യാർത്ഥികൾക്കും 1200 ഓളം ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പുകൾ നൽകി വരുന്നു.

7. അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കുമായി വിവിധ പരിശീലന പരിപാടികൾ, ശില്പശാലകൾ എന്നിവയും കൗൺസിൽ സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ